# സിംഹത്തിനു പറ്റിയ അമളി

ഒരിക്കൽ ഒരു സിംഹം ഇര തേടി
നടക്കുകയായിരുന്നു.
സിംഹം ഒരു തടിയൻ മുയൽ
ഉറങ്ങിക്കിടക്കുന്നതു കണ്ടു.
സിംഹത്തിന് വലിയ സന്തോഷമായി.
ഉറങ്ങുന്ന തടിയൻ മുയലിനെ കടിക്കാനായി
സിംഹം ഒരുങ്ങി.
അപ്പോഴാണ് ഒരു മാൻ അതിലെ ഓടുന്നത്
സിംഹം കണ്ടത്.
കുറച്ചു കൂടി വലിയ ഇരയാണല്ലോ മാൻ!
അതിനെ പിടിച്ചു കളയാം.
സിംഹം മാനിനു പുറകെ ഓടി.
മാൻ കുതിച്ചോടി. സിംഹത്തിന് മാനിനെ
കിട്ടിയില്ല.
ഓടിത്തളർന്ന സിംഹം മുയൽ
കിടന്നിടത്തേക്ക് വന്നു.
അപ്പോഴോ? മുയലില്ല. മുയൽ ഉണർന്ന്
ഓടിപ്പോയിരുന്നു.
വിശന്നുവലഞ്ഞ സിംഹം ഓർത്തു:
" മുയൽ മതിയായിരുന്നു.
മാനിന്റെ പുറകെ പോയപ്പോൾ മാനുമില്ല;
മുയലുമില്ല."



